# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*265 12.03.2018 -ൽ മറുപടിക്ക്

## വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി സി.കെ. ആശ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും(Assured) ഉത്തരവാദിത്വത്തോടെയും(Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) അടച്ചുറപ്പില്ലാത്തതും ചോർന്നൊലിക്കുന്നതും ദുർബലാവസ്ഥയിലുള്ളതുമായ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിലവിലുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതി പ്രകാരം ഇത്തരത്തിലുള്ള വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി/ പുനർനിർമ്മാണം നടത്തിവരുന്നു. കൂടാതെ സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയും സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിച്ചു വരുന്നു (വിശദീകരണക്കുറിപ്പ് കണ്ടാലും). |
| (സി) വില്ലേജ് ഓഫീസുകളിൽ കുടിവെള്ളം, ടോയിലറ്റ് സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) സംസ്ഥാനത്ത് ടോയിലറ്റ് സൗകര്യമില്ലാത്ത 63 വില്ലേജാഫീസുകളും, കുടിവെള്ള സൗകര്യമില്ലാത്ത 673 വില്ലേജാഫീസുകളും ഉള്ളതായി ജില്ലാ കളക്ടർമാർ റിപ്പോർട്ടു ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി പണികൾക്കുള്ള പ്രൊപ്പോസൽ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ ഒന്നാം വർഷ പദ്ധതിയായി 2017-18 |

സാമ്പത്തിക വർഷത്തിൽ 1500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 673 വില്ലേജാഫീസുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനും 63 വില്ലേജാഫീസുകളിൽ ടോയിലറ്റ് നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പണികൾ പുരോഗമിച്ചു വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 1800 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| (ഡി) വില്ലേജ് ഓഫീസുകളോട് ചേർന്ന് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ? | (ഡി) 13-ാം പഞ്ചവൽസര പദ്ധതിയിൽ വാഹന സൗകര്യം കുറഞ്ഞ ഉൾപ്രദേശങ്ങളിലെ വില്ലേജാഫീസുകളോട് ചേർന്ന് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ 1-ാം വർഷ പരിപാടി അനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ 800 ലക്ഷം രൂപ അനുവദിക്കുകയും 32 സ്റ്റാഫ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനു ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അതിൻപ്രകാരം ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും, പൊതുജനങ്ങൾക്ക് വിശ്രമത്തിനും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

കൂടാതെ സിറ്റിസൺ സപ്പോർട്ട് ഡെസ്കിലൂടെ പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വില്ലേജാഫീസിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ, കാര്യക്ഷമവും സുതാര്യവുമായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ വില്ലേജാഫീസുകളിൽതന്നെ ലഭ്യമാക്കുകയാണ് സിറ്റിസൺ സപ്പോർട്ട് ഡെസ്കിന്റെ ഉദ്ദേശ്യം. പൊതുജനങ്ങൾക്ക് വില്ലേജിൽ നിന്നു ലഭിക്കുന്ന സേവനങ്ങൾക്കായി അക്ഷയസെന്ററിലും മറ്റ് ആഫീസുകളിലും പലപ്രാവശ്യം കയറി ഇറങ്ങേണ്ടിവരുന്നു, വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ആഫീസ് സംവിധാനം നിലവിൽ വരുന്ന മുറയ്ക്ക് ജനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും, സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും വില്ലേജുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾക്കും ഒരു സ്ഥലത്തുതന്നെ പോയാൽ മതിയാകുന്നതാണ്.

2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം, നാളിതുവരെ 80 വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകൾ ആക്കുന്നതിനു ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഒന്നാം ഘട്ടം - നവീകരണം (2013 - 14)

| ക്രമ നം. | ജില്ല | വില്ലേജ് ഒന്നാം ഘട്ടം (നവീകരണം) |
|---|---|---|
| 1 | തിരുവനന്തപുരം | തൈക്കാട് |
| 2 | കൊല്ലം | തൃക്കോവിൽവട്ടം |
| 3 | പത്തനംതിട്ട | മലയാലപ്പുഴ |
| 4 | ആലപ്പുഴ | തിരുവൻവണ്ടൂർ |
| 5 | കോട്ടയം | ചങ്ങനാശ്ശേരി |
| 6 | ഇടുക്കി | ഇടുക്കി |
| 7 | എറണാകുളം | ആലുവ വെസ്റ്റ് |
| 8 | തൃശ്ശൂർ | അരണാട്ടുകര |
| 9 | പാലക്കാട് | വടകരപ്പതി |
| 10 | കോഴിക്കോട് | നഗരം |
| 11 | മലപ്പുറം | അമരമ്പലം |
| 12 | വയനാട് | നൂൽപ്പുഴ |
| 13 | കണ്ണൂർ | കുളപ്പറമ്പ് |
| 14 | കാസറഗോഡ് | കാസറഗോഡ് ഗ്രൂപ്പ് |

രണ്ടാം ഘട്ടം – നിർമ്മാണം (2014 - 15)

| ക്രമ നം. | ജില്ല | വില്ലേജ് |
|---|---|---|
| 1 | തിരുവനന്തപുരം | നാവായിക്കുളം |
| 2 | കൊല്ലം | പേരയം |
| 3 | | പടിഞ്ഞാറേ കല്ലട |
| 4 | പത്തനംതിട്ട | പന്തളം |
| 5 | ആലപ്പുഴ | അർത്തുങ്കൽ |
| 6 | കോട്ടയം | ചെമ്പ് |
| 7 | പാലക്കാട് | കരിമ്പുഴ I |
| 8 | വയനാട് | ചെറുകാട്ടൂർ |
| 9 | കണ്ണൂർ | പെരിങ്ങളം |
| 10 | കണ്ണൂർ | ഉദയഗിരി |

| | | |
|---|---|---|
| 11 | കണ്ണൂർ | തൃപ്പങ്ങോട്ടൂർ<br>(എം.എൽ.എ. ഫണ്ട്) |

മൂന്നാം ഘട്ടം - നിർമ്മാണം (2015-16)

| ക്രമ നം. | ജില്ല | വില്ലേജ് |
|---|---|---|
| 1 | തിരുവനന്തപുരം | പള്ളിപ്പുറം |
| 2 | തിരുവനന്തപുരം | മാറനല്ലൂർ |
| 3 | തിരുവനന്തപുരം | കള്ളിക്കാട് |
| 4 | പത്തനംതിട്ട | വള്ളിക്കോട് |
| 5 | പത്തനംതിട്ട | തണ്ണിത്തോട് |
| 6 | ആലപ്പുഴ | കൃഷ്ണപുരം |
| 7 | ആലപ്പുഴ | കഞ്ഞിക്കുഴി |
| 8 | എറണാകുളം | ഐരാപുരം |
| 9 | പാലക്കാട് | തെക്കേദേശം |

നാലാം ഘട്ടം – നിർമ്മാണം (2016-17)

| ക്രമ നം. | ജില്ല | വില്ലേജിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | കഠിനംകുളം |
| 2 | കൊല്ലം | തഴുത്തല |
| 3 | കോട്ടയം | നെടുങ്കുന്നം |
| 4 | തൃശ്ശൂർ | ചെറുതുരുത്തി |
| 5 | പാലക്കാട് | കണ്ണമ്പ്ര- II |
| 6 | കോഴിക്കോട് | പന്തീരാങ്കാവ് |
| 7 | കാസർഗോഡ് | വലിയപറമ്പ് |

അഞ്ചാം ഘട്ടം നിർമ്മാണം(2017-18)

| ക്രമ നം. | ജില്ല | വില്ലേജ് |
|---|---|---|
| 1 | തിരുവനന്തപുരം | ചെറുവയ്ക്കൽ<br>കടയ്ക്കാവൂർ<br>പട്ടം |
| 2 | കൊല്ലം | ചണ്ണപ്പേട്ട<br>ഓച്ചിറ<br>എഴുകോൺ |
| 3 | പത്തനംതിട്ട | കുരമ്പാല<br>തുമ്പമൺ<br>മൈലപ്ര |
| 4 | ആലപ്പുഴ | പട്ടണക്കാട്<br>പാണാവള്ളി<br>വള്ളിക്കുന്നം |
| 5 | കോട്ടയം | വടക്കേമുറി<br>വാഴൂർ<br>കോരുത്തോട് |
| 6 | ഇടുക്കി | പെരിയാർ<br>ഏലപ്പാറ<br>അണക്കര |
| 7 | എറണാകുളം | മുളവൂർ<br>പുതുവൈപ്പ്<br>വെള്ളൂർകുന്നം |
| 8 | തൃശ്ശൂർ | പീച്ചി<br>വെള്ളിക്കുളങ്ങര<br>എറിയാട് |
| 9 | പാലക്കാട് | ഓങ്ങല്ലൂർ-2<br>കൊങ്ങാട്-2<br>തൃത്താല |
| 10 | കോഴിക്കോട് | കരുവൻ തുരുത്തി<br>ആയഞ്ചേരി |
| 11 | മലപ്പുറം | മൂത്തേടം<br>തൃക്കണ്ടിയൂർ |

| | | |
|---|---|---|
| 12 | വയനാട് | കുപ്പാടി<br>കൽപ്പറ്റ |
| 13 | കണ്ണൂർ | ചൊക്ളി<br>ന്യൂ നടുവിൽ<br>തിരുമേനി |
| 14 | കാസർഗോഡ് | ബേളൂർ<br>കള്ളാർ<br>വോർക്കാടി |

സംസ്ഥാനത്തു അറ്റകുറ്റപ്പണികൾ ആവശ്യമുള്ള 709 വില്ലേജാഫീസ് കെട്ടിടങ്ങളും ടോയ്‌ലറ്റ് സൗകര്യമില്ലാത്ത 63 വില്ലേജാഫീസുകളും, കുടിവെള്ള സൗകര്യമില്ലാത്ത 673 വില്ലേജാഫീസുകളും ഉള്ളതായി ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി പണികൾക്കുള്ള പ്രൊപ്പോസൽ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ ഒന്നാം വർഷ പദ്ധതിയായി 2017-18 സാമ്പത്തിക വർഷത്തിൽ 1500 ലക്ഷം രൂപാ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 70 വില്ലേജാഫീസുകളിൽ അറ്റകുറ്റപ്പണിക്കും, 673 വില്ലേജാഫീസുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനും 63 വില്ലേജാഫീസുകളിൽ ടോയിലറ്റ് നിർമ്മാണത്തിനും ചുറ്റുമതിൽ അഡീഷണൽ റൂം എന്നിവയുടെ നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പണികൾ പുരോഗമിച്ചു വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 1800 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

13-ാം പഞ്ചവൽസര പദ്ധതിയിൽ വാഹന സൗകര്യം കുറഞ്ഞ ഉൾപ്രദേശങ്ങളിലെ വില്ലേജാഫീസുകളോട് ചേർന്ന് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിൽ പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ 1-ാം വർഷ പരിപാടി അനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ 800 ലക്ഷം രൂപ അനുവദിക്കുകയും 32 സ്റ്റാഫ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനു ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

## സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം

| ജില്ല | ക്വാർട്ടേഴ്സുകളുടെ എണ്ണം |
|---|---|
| ഇടുക്കി | 4 |
| തൃശ്ശൂർ | 3 |
| പാലക്കാട് | 3 |
| മലപ്പുറം | 4 |
| കോഴിക്കോട് | 4 |
| വയനാട് | 4 |
| കണ്ണൂർ | 5 |
| കാസർഗോഡ് | 5 |
| **ആകെ** | **32** |

--------------

S.O